പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 469 06.02.2013 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർക്ക് ഔദ്യോഗികവാഹനം

ചോദ്യം | ഉത്തരം

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യിലെ ഉദ്യോഗസ്ഥരിൽ (എം.ഡി., എക്സിക്യൂട്ടീവ് ഡയറക്ടേഴ്സ്, ഫിനാൻസ് ഓഫീസർ, ജനറൽ മാനേജർ എന്നിവർ ഒഴികെ) എത്രപേർക്ക് യാത്രാപ്പാസിനു പുറമേ ഒദ്യോഗിക വാഹനം കൂടി അനുവദിച്ചു നൽകിയിട്ടുണ്ട് ; | (എ) | കെ.എസ്.ആർ.ടി.സി. യിലെ ഉദ്യോഗസ്ഥരിൽ എം.ഡി, എഫ്.എ. ആന്റ് സി.എ.ഒ, ജനറൽ മാനേജർ, എക്സിക്യൂട്ടീവ് ഡയറക്ടർമാർ എന്നിവർക്ക് പുറമേ 56 പേർക്ക് ഔദ്യോഗിക വാഹനം അനുവദിച്ച് നൽ കിയിട്ടുണ്ട്. |
| (ബി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. ഇത്തരത്തിൽ ധാരാളം ഉദ്യോഗസ്ഥർക്ക് സൗജന്യ യാത്രാപ്പാസിനു പുറമേ ഡ്രൈവർ സഹിതം വാഹനങ്ങൾ നൽകുന്നതുകൊണ്ട് എന്തെല്ലാം അധിക സാമ്പത്തിക നേട്ടം കെ.എസ്.ആർ.ടി.സി.-യ്ക്ക് ഉണ്ടാക്കുന്നു ; വിശദാംശങ്ങൾ നൽകുമോ ; | (ബി) | വേഗത്തിലും, സുഗമമായും കൃത്യനിർവ്വഹണം നടത്തുന്നതിനും, പരിശോധന നടത്തുന്നതിനും, ബന്ധപ്പെട്ട ഓഫീസർമാർക്ക് വാഹനവും, ഡ്രൈവറേയും നൽകിയിട്ടുണ്ട്. ഇടതടവില്ലാതെ പരിശോധന നടത്തുന്നതുമൂലം വരുമാന ചോർച്ച തടയുന്നതിനും വാഹനത്തിന്റെ മെയിന്റനൻസ് ജോലികളുടെ ഗുണനിലവാരം ഉയർത്തുന്നതിനും തൻമൂലം ബ്രേക്ക്ഡൗൺ ഒഴിവാക്കുന്നതിനും, സ്പെയർ പാർട്സുകളുടെ ഉപഭോഗം കുറയ്ക്കുന്നതിനും സാധിക്കുന്നതാണ്. |
| (സി) | ഔദ്യോഗിക വാഹനം ഉപയോഗിക്കാവുന്നവരുടെ ലിസ്റ്റ് ചുരുക്കി അവ നോട്ടിഫൈ ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ ? | (സി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ